**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** **08-10-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | മാലിപ്പുറം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. Tentative Design Drawing ലഭ്യമായിരുന്നു. ഇറിഗേഷൻ വകുപ്പിന്റെ NOC ലഭിച്ചതിനെ തുടർന്ന് റിവൈസ്ഡ് Tentative Design Drawing ലഭ്യമായി. അതിൽ രണ്ട് സമാന്തര പാലങ്ങളായാണ് (ഘട്ടം എ, ഘട്ടം ബി) രൂപകൽപ്പന ചെയ്തിരിക്കുന്നത്. രണ്ടു ഘട്ടനിർമ്മാണങ്ങൾക്കുമായി ആകെ 15.915 കോടി രൂപയുടെ എസ്റ്റിമേറ്റ് AS Committee ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഭരണാനുമതി നൽകിയിരുന്നില്ല. AS Committee നിർദ്ദേശപ്രകാരം പ്രസ്തുത പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച വ്യക്തതക്കായി പുറമ്പോക്ക് അളന്ന്തിട്ടപ്പെടുത്തുന്നതിനു കൊച്ചി താലൂക് സർവെയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനുള്ള എകദേശ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ബജറ്റിൽ ഏഴ് കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള പതിനഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഏഴ് കോടിയിൽ പരിമിതപ്പെടുത്തി സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്ഥലമേറ്റെടുപ്പിനുള്ള തുകയും, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, എന്നിവ ഉൾപ്പെടെ ഘട്ടം എ ക്കു മാത്രമായി 9.029 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ